"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്കുള്ള കൈറ്റ് പുറപ്പെടുവിച്ച സൈബർ സുരക്ഷാ പ്രോട്ടോകോൾ 2026 - നടപ്പിലാക്കുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2978/2026/GEDN തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-

1. 23.02.2019 ലെ KITE/2019/1605(2) നമ്പർ സൈബർ സേഫ്റ്റി പ്രോട്ടോകോൾ
2. 27.09.2019 ലെ സ.ഉ(സാധാ) നം. 3847/2019/പൊ.വി.വ
3. 30.01.2023 ലെ സ.ഉ(സാധാ)നം. 818/2023/പൊ.വി.വ
4. 07.03.2026-ലെ കൈറ്റ് /2026/1605(1) നമ്പർ സർക്കുലർ
5. 21.04.2026 ലെ കൈറ്റ് /2026/1605(2) നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സ്കൂൾ കുട്ടികൾക്ക് വേണ്ടി കൈറ്റ് സൈബർ സുരക്ഷാ പ്രോട്ടോകോൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം സ്കൂളുകൾക്കായി പുറപ്പെടുവിച്ചിരിക്കുന്ന സൈബർ സേഫ്റ്റി പ്രോട്ടോകോൾ കൃത്യമായി പാലിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

2. 2019-ലെ സൈബർ സേഫ്റ്റി പ്രോട്ടോകോൾ പുതുക്കുന്നതിന് ഡയറക്ടർ ബോർഡ് യോഗങ്ങളുടെ തീരുമാനപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സൻ ആയിട്ടുള്ള കൈറ്റ് ഡയറക്ടർ ബോർഡ് കൈറ്റിനോട് ആവശ്യപ്പെട്ടിരുന്നു. ഐടി വകുപ്പ് പ്രതിനിധി ഉൾപ്പെടെ അംഗങ്ങളായ, പൊതുവിദ്യാഭ്യാസ വകുപ്പിലെ ഐ.ടി സാങ്കേതിക സമിതി യോഗത്തിൽ ഇപ്രകാരം ഭേദഗതി ചെയ്ത സൈബർ സേഫ്റ്റി പ്രോട്ടോകോളിന് അംഗീകാരം നൽകുകയും അതിനനുസരിച്ച് കൈറ്റ് കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്കുള്ള ഭേദഗതി ചെയ്ത സൈബർ സുരക്ഷാ പ്രോട്ടോകോൾ 2026 പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സുരക്ഷാ പ്രോട്ടോകോൾ 2026 ലെ നിർദേശങ്ങൾ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്നു പരാമർശം ( 5 ) പ്രകാരം KITE CEO അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോദിച്ചു .കൈറ്റ് സൈബർ സുരക്ഷാ പ്രോട്ടോകോൾ 2026 നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പൊതുവിദ്യാലയങ്ങൾക്കുള്ള സൈബർ സേഫ്റ്റി പ്രോട്ടോകോൾ 2026 കർശനമായി നടലാക്കാൻ സ്ഥാപന മേധാവികൾ ആവശ്യമായ സംവിധാനങ്ങൾ (സ്കൂൾ സൈബർ സുരക്ഷാ കമ്മിറ്റി രൂപികരണം ഉൾപ്പെടെ) ഏർപ്പെടുത്തേണ്ടതാണ്.

2. പ്രോട്ടോകോളിൽ വിശദമാക്കിയിട്ടുള്ള വിവിധ തലങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (സ്ഥാപന മേധാവികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ ) കൃത്യമായി ആ വിഭാഗങ്ങളിലേക്കെത്താൻ ആവശ്യമായ പരിശീലനം എല്ലാ സ്കൂളുകളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വഴിയും മറ്റു സംധിധാനങ്ങൾ ഏർപ്പെടുത്തിയും നൽകേണ്ടതാണ്.

3. സൈബർ സുരക്ഷാ പ്രോട്ടോകോൾ 2026 കൃത്യമായി പാലിക്കുന്നു ണ്ടെന്ന് ഉറപ്പാക്കാനും അവയുടെ പുരോഗതി വിലയിലയിരുത്താനും എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകേണ്ടതും ആയത് സ്ഥിരമായി മോണിറ്റർ ചെയ്യേണ്ടതുമാണ്.

4. സൈബർ സുരക്ഷാ പ്രോട്ടോകോൾ കർശനമായി നടപ്പാക്കാൻ ആവശ്യമായ ഡിജിറ്റൽ സംവിധാനങ്ങൾ, വിവിധ പരിശീലനങ്ങൾ, മോണിറ്ററിംഗ് തുടങ്ങിയവ (കൈറ്റ് വിക്ടേഴ്സ് ചാനൽ, ലിറ്റിൽ കൈറ്റ്സ് ക്ലബുകൾ തുടങ്ങിയവ ഉൾപ്പെടെ പ്രയോജനപ്പെടുത്തി ക്കൊണ്ട്) കൈറ്റ് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ്.

അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
സെക്ഷൻ ഓഫീസർ
Date: 02-05-2026 11:03:38